# Malayala Manorama

## 20 August 2018

## Flood, Death, Widespread Damage



# ക്യാംപുകളിൽ നാലു മരണം; ജീവത്യാഗം ചെയ്തു മൂന്നു രക്ഷാപ്രവർത്തകർ

■ തൃശൂർ, എറണാകുളം ജില്ലകളിൽ മരണസംഖ്യ ഉയരുന്നു

**മനോരമ ലേഖകർ**

പ്രളയക്കെടുതി അഞ്ചു ദിവസം പിന്നിട്ടപ്പോൾ സംസ്ഥാനത്തു മരണം 220 ആയി. വിവിധ സ്ഥലങ്ങളിലായി ദുരിതാശ്വാസ ക്യാംപുകളിൽ അസുഖബാധിതരായി നാലുപേർ മരിച്ചു. രണ്ടു ദിവസത്തിനിടെ മൂന്നു രക്ഷാപ്രവർത്തകരും ജീവത്യാഗം ചെയ്തു. വീണ്ടെടുത്ത മൃതദേഹങ്ങൾ ഉൾപ്പെടെ ഇന്നലെ മാത്രം രേഖപ്പെടുത്തിയത് 25 മരണം.

വെള്ളത്തിൽ മുങ്ങിയവരെ രക്ഷിക്കുന്നതിനിടെ ഒഴുക്കിൽപെട്ടു കാണാതായ കളമശേരി വട്ടേക്കുന്നം വേയപ്പിള്ളി വീട്ടിൽ അബ്ദുൽ ജലീലിന്റെ (54) മൃതദേഹം ശനിയാഴ്ച രാത്രി പതിനൊന്നോടെയാണു കണ്ടെത്തിയത്.

വെള്ളിയാഴ്ച രാവിലെ, വെള്ളത്തിൽ മുങ്ങിയ മൂന്നുപേരെ രക്ഷിച്ചശേഷം കുഴഞ്ഞു വീണ അബ്ദുൽ ജലീൽ ഒഴുക്കിൽപെടുകയായിരുന്നു.

പത്തനംതിട്ടയിൽ രക്ഷാപ്രവർത്തനത്തിടെ ഒഴുക്കിൽപെട്ടാണു ചെന്നീർക്കര മുട്ടത്തുകോണം പച്ചൂർ തെക്കേതിൽ പങ്കജാക്ഷിയുടെ മകൻ പ്രദീപ് കുമാർ (സുനിൽ -47) മരിച്ചത്.

ഗുരുവായൂരിൽ കുരഞ്ഞിയൂരിൽ ദുരിതാശ്വാസ പ്രവർത്തകൻ മച്ചിങ്ങൽ രാമചന്ദ്രൻ (52) കുഴഞ്ഞുവീണാണു മരിച്ചത്.

### തൃശൂരിൽ 49 മരണം

തൃശൂർ ജില്ലയിൽ ദുരിതാശ്വാസ ക്യാംപുകളിലും മറ്റുമായി ഇന്നലെ എട്ടു മരണം സ്ഥിരീകരിച്ചു. ഇതോടെ നാലു ദിവസത്തിനിടെ മരണം 49 ആയി. കയ്പമംഗലം എടത്തിരുത്തി സെന്റ് ആൻസ് കോൺവന്റ് ക്യാംപിൽനിന്നു കാട്ടൂർ കരാഞ്ചിറ ആശുപത്രിയിൽ എത്തിച്ച എടത്തിരുത്തി സ്വദേശി കുമ്പളത്തുപറമ്പിൽ ബാലൻ (67), വാക മാലതി യുപി സ്കൂളിലെ ദുരിതാശ്വാസ ക്യാംപിൽനിന്ന് ആശുപത്രിയിൽ എത്തിച്ച പോന്നോത്ത് വേലായുധൻ (84) എന്നിവർ മരിച്ചു. കുറാഞ്ചേരിയിൽ മണ്ണിടിച്ചിലിൽപെട്ട മുണ്ടംപ്ലാക്കൽ ജെൻസന്റെ ഭാര്യ സുമിത (34), നന്തിപുലത്ത് ഒഴുക്കിൽപെട്ടു കാണാതായ മുപ്ലിയം തട്ടിൽ കാട ഔസേഫിന്റെ മകൻ ഷാജു (46) എന്നിവരുടെ മൃതദേഹം കണ്ടെത്തി.

ചാലക്കുടിയിൽ പുഴ ഗതിമാറി ഒഴുകിയ കുത്തൊഴുക്കിൽപെട്ടു മാള ചക്കാംപറമ്പ് ആലത്തൂർ മച്ചിങ്ങൽ ഗോപിനാഥ് (58) മരിച്ചു. വെള്ളത്തിൽ അകപ്പെട്ട് വൈന്തല ചെമ്പകശേരി തോമസ് (62) മരിച്ചു. കരുവന്നൂർ രാജ കമ്പനിക്കു സമീപം നെടുത്തേടത്ത് മോഹനൻ (60) മരിച്ചു.

### തകർന്ന വീടു കണ്ട് തളർന്നു മരിച്ചു

എറണാകുളം ജില്ലയിൽ ഇന്നലെ ഒൻപതു മരണം. വെള്ളം കയറി നശിച്ച വീടു കണ്ടു തളർന്നുവീണ് ഏലൂർ വടക്കുംഭാഗം വെളിയത്തു വീട്ടിൽ വി.എം.മുഹമ്മദ് (73) മരിച്ചു. പട്ടണത്തെ ദുരിതാശ്വാസ ക്യാംപിൽ കഴിയുകയായിരുന്ന ഉമ്മാട്ടുപറമ്പിൽ തമ്പി (53) മരിച്ചു.

കുത്തിയതോട് പള്ളിയിൽ കെട്ടിടം തകർന്നുവീണു കാണാതായ ആറുപേരിൽ ജയിംസ് (50), സേവ്യർ (51) എന്നിവരുടെ മൃതദേഹം കിട്ടി. വീടിന്റെ ടെറസിൽ കുടുങ്ങിയ മൽസ്യത്തൊഴിലാളി പറവൂർ നീണ്ടൂർ സ്വദേശി ചൂളക്കടവിൽ വീട്ടിൽ സി.കെ.അശോകൻ (79) മരിച്ചു.

പള്ളംതുരുത്തിൽ പുരുഷന്റെ അജ്ഞാത മൃതദേഹം ഒഴുകിയെത്തി. മറ്റു മരണങ്ങൾ: പറവൂർ പള്ളംതുരുത്ത് കൂവക്കാട്ട് പ്രഭാകരൻ പിള്ള (90), ചേന്ദമംഗലം തെക്കുംപുറത്ത് വയലിപ്പറമ്പിൽ ഉണ്ണിയുടെ മകൻ മനോജ് (38), വെള്ളപ്പൊക്കംമൂലം ആശുപത്രിയിലെത്തിക്കാൻ കഴിയാതെ കോലഞ്ചേരി കറുകപ്പിള്ളി കൊശവരുകുടിയിൽ കെ.എം.സോജൻ (50).

### ചെങ്ങന്നൂരിൽ കണ്ടെടുത്തത് മൂന്നു മൃതദേഹങ്ങൾ

ആലപ്പുഴ ജില്ലയിൽ നാലു മരണം. ചെങ്ങന്നൂരിൽ മൂന്നു മൃതദേഹങ്ങൾ കണ്ടെടുത്തു. ഇതിൽ ഒരു പുരുഷന്റെ മൃതദേഹം തിരിച്ചറിഞ്ഞിട്ടില്ല. വീടിന്റെ താഴത്തെ നിലയിലെ വെള്ളക്കെട്ടിൽ വീണു മരിച്ച പാണ്ടനാട് വാക്കയിൽ കമലമ്മ (81), ചെറിയനാട് തുരുത്തിമേൽ കക്കാട്ടുമണ്ണിൽ രാജമ്മ (75) എന്നിവരെയാണു തിരിച്ചറിഞ്ഞത്. കുട്ടനാട്ടിൽ മിത്രക്കരിയിലെ ക്യാംപിൽനിന്നു പെരുന്ന എൻഎസ്എസ് മിഷൻ ആശുപത്രിയിൽ എത്തിച്ച കളത്തിൽ വീട്ടിൽ കെ.കെ.പുരുഷോത്തമൻ (79) മരിച്ചു.

### പോത്തുണ്ടി ഉരുൾപൊട്ടൽ: മൃതദേഹം ലഭിച്ചു

പാലക്കാട് ജില്ലയിലെ നെന്മാറ പോത്തുണ്ടിയിൽ ഉരുൾപൊട്ടലിൽ കാണാതായ അളുവശ്ശേരി ചേരുംകാട്ടിൽ ഗംഗാധരന്റെ മകൻ അരവിന്ദിന്റെ മൃതദേഹം കണ്ടെടുത്തു. കോട്ടയത്ത് പനച്ചിക്കാട് വെള്ളുത്തുരുത്തി പാരിപ്പള്ളിക്കടവിൽ വീണ് ഗോപാലകൃഷ്ണൻ (63) മരിച്ചു. കോഴിക്കോട്ട് നാലു ദിവസം മുൻപു കാണാതായ കണ്ണാടിക്കൽ വടക്കേവയലിൽ സിദ്ദീഖിന്റെ (52) മൃതദേഹം പൂനൂർ പുഴയിൽ കണ്ടെത്തി. ഇടുക്കിയിൽ മഴയിൽ വീടിനുള്ളിൽ ഒറ്റപ്പെട്ടുപോയ പീരുമേട് സ്വദേശി കുഞ്ഞപ്പന്റെ ഭാര്യ ലക്ഷ്മിക്കുട്ടി(65)യെ മരിച്ച നിലയിൽ കണ്ടെത്തി.

പത്തനംതിട്ടയിൽ വെള്ളക്കെട്ടിൽ വീണ് കുളനട ഷൈനി ഭവനിൽ ജോർജ് ജോണിന്റെ മകൻ അശ്വിനെ (24) കാണാതായി. തൃശൂർ പുതുക്കാട് മനയ്ക്കൽ ഉണ്ണിക്കൃഷ്ണന്റെ ഭാര്യ സുനിതയെ (46) കാണാതായി. ഇരിങ്ങാലക്കുട വെള്ളിയാഴ്ച വൈകിട്ടുമുതലാണു കാണാതായത്.



### മുല്ലപ്പെരിയാർ ജലനിരപ്പ് 140 അടി

കുമളി ● മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 140 അടിയായി താഴ്ന്നു. ഇതോടെ സ്പിൽവേയിലെ എട്ടു ഷട്ടറുകൾ തമിഴ്നാട് പൂർണമായും താഴ്ത്തി. അഞ്ചു ഷട്ടറുകൾ ഒരടി മാത്രമാണു തുറന്നിരിക്കുന്നത്.

ഇന്നലെ വൈകിട്ട് ഏഴിന് അണക്കെട്ടിലേക്കുള്ള നീരൊഴുക്ക് സെക്കൻഡിൽ 6476 ഘനയടിയായി കുറഞ്ഞു. ഇതിൽ 4269 ഘനയടി സ്പിൽവേ വഴി ഇടുക്കിയിലേക്കും 2207 ഘനയടി തമിഴ്നാട്ടിലേക്കും തുറന്നുവിട്ടിരിക്കുകയാണ്. വെള്ളക്കെട്ടിനെത്തുടർന്നു മുല്ലപ്പെരിയാർ അണക്കെട്ടിന്റെ 10 അടി ഗാലറിയിലെ പുറത്തുവിടുന്ന വെള്ളത്തിന്റെ അളവു ശേഖരിക്കൽ മുടങ്ങി. സ്പിൽവേയിലെ ഷട്ടറുകൾ വഴി വലിയ തോതിൽ വെള്ളം പുറത്തേക്ക് ഒഴുക്കിയതാണു പ്രധാന അണക്കെട്ടിന്റെ പിൻഭാഗത്തു വലിയ വെള്ളക്കെട്ടിനു വഴിതെളിച്ചത്.

### ദുരിതാശ്വാസ
### ആരോഗ്യവക
### ജീവനക്കാർക്
### അവധിയില്ല

തിരുവനന്തപുരം ● ദു
സ മേഖലകളിൽ ജോല
ന്ന ഡോക്ടർമാർ ഉൾ
ള്ള ആരോഗ്യ വകുപ്പി
നക്കാർക്ക് അവധി അന
ല്ലെന്നു മന്ത്രി കെ.കെ.
അത്യാവശ്യ കാരണങ
ങ്കിൽ അതു പരിശോധിച്ച്
സ്ഥർ തീരുമാനമെടുക്ക
ബാധിത മേഖലയിൽ ഒര
വും കൂടാതെ മെഡിക്കര
റുകൾ അടച്ചിടരുതെന്ന
ശം നൽകിയിട്ടുണ്ട്.

ചെങ്ങന്നൂർ ജില്ലാ ആ
യിൽ എമർജൻസി ക
റും തുറക്കും. ചെങ്ങന്നൂ
വർത്തനങ്ങൾക്കായി തി
പുരം, കൊല്ലം ജില്ലകളി
ജീവനക്കാരെ വിന്യസിക
ആരോഗ്യ പ്രവർത്ത
ഏകോപിപ്പിക്കുന്നതിന്
ഗ്യവകുപ്പിന്റെ സ്റ്റേറ്റ് ക
റും ആരംഭിച്ചു. നമ്പർ: 180

വിവിധ മെഡിക്കൽ ക
ളുടെ പ്രവർത്തനം ഏ
ക്കുന്നതിനും പകർച്ചവ
ഫലപ്രദമായി പ്രതിരോ
തിനും വേണ്ടിയാണ് ക
റും. ദുരിതമനുഭവിക്കു
ലങ്ങളിലെ പൊതുജന
ചികിത്സ, ആംബുലൻസ്
ര്യങ്ങൾക്കായി ഈ നമ്പ
വിളിക്കാം.